# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 483

11.06.2013 ൽ മറുപടിയ്ക്ക്

## സംസ്ഥാന സഹകരണ ബാങ്കിലെ കരാർ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എളമരം കരീം. | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും<br>മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| സംസ്ഥാന സഹകരണ ബാങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ കരാർ അടിസ്ഥാനത്തിൽ ഏതെല്ലാം തസ്തികകളിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്; അവർ ആരൊക്കെയാണ് ഒരു വർഷത്തിനുശേഷം എത്ര പേരുടെ കരാർ നീട്ടിക്കൊടുത്തിട്ടുണ്ട്? | ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന സഹകരണ ബാങ്കിൽ കരാർ അടിസ്ഥാനത്തിൽ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ ഡോ.എസ്. രവീന്ദ്രൻ ഐ.എ.എസ് (റിട്ട.) നെ ഒരു വർഷത്തേയ്ക്ക് നിയമിച്ചിട്ടുണ്ട്. ടിയാന്റെ നിയമനം ഒരു വർഷം പൂർത്തിയായിട്ടില്ല.<br>ചീഫ് ജനറൽ മാനേജർ തസ്തികയിൽ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ നിന്നും ചീഫ് ജനറൽ മാനേജരായി വിരമിച്ച ശ്രീ. എസ്. ബാലചന്ദ്രനെ നിയമിച്ചിട്ടുണ്ട്. ഒരു വർഷത്തിനുശേഷം ഇദ്ദേഹത്തിന്റെ കരാർ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. കൂടാതെ മുൻ സർക്കാരിന്റെ കാലത്ത് കരാർ അടിസ്ഥാനത്തിൽ ജനറൽ മാനേജർ തസ്തികയിൽ നിയമിച്ച ശ്രീ. വി. പ്രഭാകരൻ നായർ, സിസ്റ്റം അനലിസ്റ്റ് (ഐ.റ്റി. ഹാർഡ്‌വെയർ) തസ്തികയിൽ നിയമിച്ച ശ്രീ. എൻ. ജയപാലൻ തമ്പി, സിസ്റ്റം അനലിസ്റ്റ് (ഐ.റ്റി. സോഫ്റ്റ്‌വെയർ) തസ്തികയിൽ നിയമിച്ച ശ്രീ. കെ. രാജേഷ് എന്നിവരുടെ കരാർ കാലാവധി ഒരു വർഷത്തിനുശേഷം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ